(എ) പീരുമേട് നിയോജകമണ്ഡലത്തിലുള്ള വെംബ്ലി ശ്രീ. മഹാമായ ദേവി-ക്ഷേത്രത്തിന്റെ മറുവശം പാവാനിതോടിന്റെ തീരം ബണ്ട് കെട്ടി സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തീരം ബണ്ട് കെട്ടി സംരക്ഷണത്തിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവ് ഇറക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) 2004-ലെ പുതുക്കിയ നിരക്ക് പ്രകാമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു വരുന്നു.

(സി) ഉത്തരവായിട്ടില്ല.

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ചേ ഉത്തരവ് ഇറക്കാൻ കഴിയുകയുള്ളു.

ചേലക്കര നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ

76 [1794] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം അറിയിക്കാമോ;

(സി) ഫണ്ടനുവദിക്കുന്നതിനുള്ള തടസ്സം കാരണം ഏതെങ്കിലും പദ്ധതി മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക നിക്ഷേപിച്ചു നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

(1) പങ്ങാരപ്പിള്ളി-പിലാക്കോട് വില്ലേജുകൾക്കായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി. പ്രസ്തുത പദ്ധതിയുടെ സ്രോതസ്സ് നിലവിലുള്ളതാണ്. ശുദ്ധീകരണ ശാല, ജലസംഭരണി എന്നിവ പുർത്തീകരിക്കുകയും വിതരണം ശൃംഖലയിലെ 250 എം. എം., 200 എം. എം. എ.സി. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരികയുമാണ്. റോ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖലയിലെ 160 എം. എം. മുതൽ ചെറിയ പി. വി. സി. പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 1-12-2004-ലെ പുതിയ നിരക്ക് അനുസരിച്ച് തയ്യാറാക്കികൊണ്ടിരിക്കുന്നു. പദ്ധതി 2005 ഡിസംബറിൽ കമ്മീഷൻ ചെയ്യാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

(2) തിരുവിലാമല-കൊണ്ടാഴി സമീപ വില്ലേജുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (കേന്ദ്ര പദ്ധതി)

പ്രസ്തുത പദ്ധതിയുടെ മൂന്ന് ശുദ്ധജല സംഭരണികളുടെയും പണി പൂർത്തീകരിച്ചു. സ്രോതസ്സിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ശുദ്ധീകരണശാലയുടെ കരാർ ഒപ്പിട്ടിട്ടുണ്ട്. റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലീയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവയുടെ പൈപ്പുകളിൽ, ലഭ്യമായ 2000 മീറ്റർ, 100 എം. എം. എ. സി. പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കി വിതരണം ചെയ്തു സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. 2005 ഡിസംബറിൽ പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(3) കടങ്ങോടിനും അനുബന്ധ വില്ലേജുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഇൻടേക്ക്‌വെൽ, പമ്പ് ഹൗസ്, ഇൻഫിൽട്രേഷൻ ഗ്യാലറിയുടെ ഒരെണ്ണം, റോ വാട്ടർ പമ്പിംഗ് മെയിൻ, 300 എം. എം. എ. സി. ഗ്രാവിറ്റി മെയിൻ, 150 എം.എം. എ.സി. ഗ്രാവിറ്റിമെയിൻ, 5 ജലസംഭരണികൾ, പമ്പ് സെറ്റ്, ട്രാൻസ്ഫോർമാർ, വിതരണശൃംഖലയിലെ 55% പണികൾ എന്നിവ പൂർത്തീകരിച്ചു. 300 എം.എം. എ. സി. ഗ്രാവിറ്റി മെയിനിന്റെ ഗ്യാപ്പ് കണക്ഷൻ വിതരണം ചെയ്തു സ്ഥാപിക്കുന്നതിനും 200 എം.എം. എ.സി. ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്നതിനും കരാർ ഒപ്പിട്ട് ജോലി ആരംഭിക്കുകയും, 200 എം.എം. എ.സി. ഗ്യാപ്പ് കണക്ഷൻ, ബാക്കി വിതരണശൃംഖലയിലെ പണികൾ എന്നിവയുടെ എസ്റ്റിമേറ്റ് പുതിയ നിരക്കിൽ തയ്യാറാക്കിവരുന്നു. 2005 ഡിസംബറിൽ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(4) എൽ. ഐ. സി. ധനസഹായത്തോടുകൂടിയ ചെറുതുരുത്തി, നെടുംപുര വില്ലേജുകൾക്കുള്ള ശുദ്ധജലവിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതിയുടെ ഇൻടേക്ക് വെൽ, പമ്പ് ഹൗസ്, ലീഡിംഗ് ചാനൽ, റോ വാട്ടർ പമ്പ് സെറ്റ്, വിതരണ ശൃംഖലയിലെ 300 എം.എം., 250 എം.എം., 200 എം.എം. എ.സി. പൈപ്പുകളുടെ പണികൾ എന്നിവ പൂർത്തീകരിച്ചു. 2 ജലസംഭരണികളിൽ ഒരെണ്ണം നിലവിലുണ്ട്. രണ്ടാമത്തേതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ശുദ്ധീകരണശാലയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫുട്ബ്രിഡ്ജ്, റോ വാട്ടർ, പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, (400 എം.എം. സി.ഐ പൈപ്പുകൾ) വിതരണശൃംഖലയിൽ ശേഷിക്കുന്ന പൈപ്പുകൾ എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) 1. എ.ആർ.പി. പങ്ങാരപ്പിള്ളി-പിലാക്കോട് പദ്ധതി—225.00 ലക്ഷം രൂപ.

2. എ.ആർ.പി. തിരുവില്വാമല കൊണ്ടാഴി പദ്ധതി—957.00 ലക്ഷം രൂപ

3. എ.ആർ.പി. കടങ്ങോട് ശുദ്ധജല പദ്ധതി—720.00 ലക്ഷം രൂപ.

4. എൽ.ഐ.സി. ചെറുതുരുത്തി നെടുംപുര പദ്ധതി—895.00 ലക്ഷം രൂപ

(സി) ഇല്ല.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്ക് വേണ്ടിയുള്ള തുക നിക്ഷേപിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന് കാലതാമസം ഉണ്ടാകാറില്ല.

വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നബാർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

77 [1795] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിലെ വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നബാർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത പദ്ധതി നബാർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)—(സി) വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി 120 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഒരു പ്രൊപ്പോസൽ നബാർഡിന് സമർപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly